**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2593** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. വകുപ്പിന്റെ പുനഃസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. വകുപ്പിന്റെ രണ്ടാംഘട്ട പുനഃസംഘടന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തിനുള്ളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഓഡിറ്റ് വിംഗ് ശക്തമാക്കി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 356 സീനിയർ ക്ലർക്കുമാരെ എ. എസ്. റ്റി. ഒ. മാരായി അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ഓഡിറ്റ് വിങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ; | (ബി) | സീനിയർ ക്ലർക്കുമാരെ എ. എസ്. റ്റി. ഒ. മാരായി അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വരുമാനം വർദ്ധിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് പ്രത്യേകമായ കണക്കെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല. |
| (സി) | സീനിയർ ക്ലർക്കുമാരെ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വകുപ്പിലെ ക്ലർക്കുമാരുടെ ജോലിഭാരം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (സി) | ചരക്ക് സേവന നികുതി സംവിധാനം നടപ്പിലാക്കിയതോടെയും, പൂർണ്ണമായും കംപ്യൂട്ടറൈസ്ഡ് ആയ GST ബാക്ക്-എൻഡ് സംവിധാനം നിലവിൽ വന്നതോടെയും, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ക്ലറിക്കൽ തസ്തികകളേക്കാൾ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളിലാണ് കൂടുതൽ ജീവനക്കാരുടെ ആവശ്യം അനുഭവപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ, വകുപ്പിലെ 376 സീനിയർ ക്ലർക്ക് തസ്തികകൾ (352+ അപ്ഗ്രഡേഷൻ മുഖേന 24 ഡെപ്യൂട്ടി കമ്മീഷണർ തസ്തികകൾ രൂപീകരിച്ചതിന്റെ ഭാഗമായി), കൂടാതെ 52 ഹെഡ് ക്ലർക്ക് തസ്തികകളും അപ്ഗ്രഡേഷൻ/ റദ്ദാക്കൽ (Abolition) മുഖേന അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം 'പ്രോപ്പർ ഓഫീസർമാർ' ആയ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളുടെ എണ്ണം വർധിച്ചതോടെ, അതിനുശേഷമുള്ള ക്ലർക്ക് കേഡറിലെ ജീവനക്കാരുടെ ജോലിഭാരവുമായി ബന്ധപ്പെട്ട വിഷയങ്ങളും പരിഹരിക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2017-ൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി അധികമായി വന്ന ക്വാളിഫൈഡ് ആയിട്ടുള്ള ക്ലറിക്കൽ അസിസ്റ്റന്റുമാരെ എങ്ങനെ ഉപയോഗിക്കാനാണ് വകുപ്പ് ആലോചിക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) | വകുപ്പിൽ നടത്തിയ പുനസംഘടനയെ തുടർന്ന് നിലവിൽ 215 ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളാണ് നിലനിൽക്കുന്നത്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം കുറച്ചിട്ടില്ല. പുനസംഘടന പ്രകാരം അവരെ ആവശ്യമായ കാര്യാലയങ്ങളിലേക്ക് നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ